ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 6.30 PM DATE: 10.02.2026

## പ്രധാനവാർത്തകൾ

1.) കേന്ദ്ര ബജറ്റിനെന്മേലുള്ള ചർച്ചകൾ പാർലമെൻറിൻറെ ഇരുസഭകളിലും പുരോഗമിക്കുന്നു. ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്കെതിരെ അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകി പ്രതിപക്ഷം.

2) സംസ്ഥാനത്തെ ആദ്യ സമഗ്ര അന്താരാഷ്ട്ര വിദ്യാലയമായി കണ്ണൂർ മുണ്ടേരി ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂൾ മാറിയതിൻറെ ഔപചാരിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

3) സംസ്ഥാനത്ത് അടുത്ത അധ്യയന വർഷത്തെ പാഠപുസ്തക വിതരണം മറ്റന്നാൾ ആരംഭിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി.

4) ശബരിമല സ്വർണ്ണക്കൊള്ള കേസിൽ തന്ത്രി കണ്ഠരര് രാജീവരുടെ ജാമ്യഹർജിയിൽ കൊല്ലം വിജിലൻസ് കോടതിയിൽ പ്രോസിക്യൂഷൻ വാദം പൂർത്തിയായി. വിധി ഈ മാസം 18 ന് .

5) സംസ്ഥാനത്ത് ചൂട് കൂടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ജാഗ്രത നിർദ്ദേശം നൽകി ദുരന്ത നിവാരണ അതോറിറ്റി

6) **ICC** ട്വൻറി- 20 ക്രിക്കറ്റ് ലോകകപ്പിലെ രണ്ടാം മത്സരത്തിൽ യുഎഇ-യെ പരാജയപ്പെടുത്തി ന്യൂസിലൻഡ്.

PNU TVPM

## LS-ബജറ്റ് (INTRO)

2026-27 ലെ കേന്ദ്ര ബജറ്റിനെന്മേലുള്ള ചർച്ചകൾ പാർലമെൻറിൻറെ ഇരുസഭകളിലും ഇന്ന് നടന്നു. കോൺഗ്രസ് എംപി ശശി തരൂർ ആണ് ലോക്സഭയിൽ ചർച്ചയ്ക്ക് തുടക്കമിട്ടത്. സാധാരണ ജനങ്ങളുടെ മേൽ നികുതി ഭാരം കൂടുതലായി ചുമത്തുന്നതാണ് ബജറ്റെന്ന് അദ്ദേഹം വിമർശിച്ചു. രാജ്യത്തിൻറെ നെടുംതൂണായ മധ്യവർഗ വിഭാഗത്തെ ബജറ്റിൽ പരിഗണിച്ചില്ലെന്നും മറിച്ച് കോർപറേറ്റുകളെ സഹായിക്കുകയാണ് ചെയ്തതെന്നും അദ്ദേഹം പറഞ്ഞു. (ഹോൾഡ് വോയിസ് )

സർക്കാരിന്റെ പ്രതിബദ്ധത, സ്ഥിരത എന്നിവയെ പ്രതിഫലിപ്പിക്കുന്നതാണ് ബജറ്റെന്ന് ബിജെപി എം.പി അപരാജിത സാരംഗി പറഞ്ഞു. നിരവധി രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറുകൾ ഒപ്പുവച്ചതിന് കേന്ദ്ര സർക്കാരിനെ അവർ പ്രശംസിച്ചു. സാമൂഹിക, സാമ്പത്തിക അസമത്വങ്ങളോട് നീതി പുലർത്താത്ത ബജറ്റാണ് ഇതെന്ന് സമാജ്‌വാദി എംപി അഖിലേഷ് യാദവ് വിമർശിച്ചു. ചർച്ച പുരോഗമിക്കുകയാണ്.

RNU TVPM

## രാജ്യസഭ

കേന്ദ്രബജറ്റിന്മേലുള്ള ചർച്ചകൾക്ക് ശേഷം രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. ആഗോള പ്രതിസന്ധികൾക്കിടയിലും സാമ്പത്തിക വളർച്ചയുടെയും, സുസ്ഥിരതയുടെയും രാജ്യമായി ഇന്ത്യ നിലനിൽക്കുകയാണെന്ന് ചർച്ചയിൽ പങ്കെടുത്ത ശിവസേന എംപി മിലിന്ദ് ഡിയോറ പറഞ്ഞു. എന്നാൽ രാജ്യത്തിൻറെ സാമ്പത്തിക യാഥാർത്ഥ്യങ്ങളുമായി യോജിക്കാത്ത ബജറ്റാണിതെന്ന് ഡിഎംകെ അംഗം കനിമൊഴി സോമു വിമർശിച്ചു. ബിജെപി, കോൺഗ്രസ്, തൃണമൂൽ തുടങ്ങി വിവിധ പാർട്ടികളിൽ നിന്നുള്ള എംപിമാർ ചർച്ചയുടെ ഭാഗമായി.

## ലോക്സഭാ -അവിശ്വാസ പ്രമേയം

ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്കെതിരെ അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകി പ്രതിപക്ഷം. ലോക്സഭാ സെക്രട്ടറി ജനറലിനാണ് പ്രതിപക്ഷം നോട്ടീസ് സമർപ്പിച്ചത്. നോട്ടീസ് പരിശോധിച്ച ശേഷം നിയമാനുസൃതമായി നടപടി സ്വീകരിക്കുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## വിദ്യാലയം-കണ്ണൂർ (ഇൻട്രോ)

പൊതു വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി 5,000 കോടി രൂപയുടെ പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പാക്കിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തെ ആദ്യത്തെ സമഗ്ര അന്താരാഷ്ട്ര വിദ്യാലയമായി കണ്ണൂർ മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ മാറിയതിൻറെ ഔപചാരിക ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. പൊതുവിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ സർക്കാരിന് സാധിച്ചതായി പറഞ്ഞ മുഖ്യമന്ത്രി ഉന്നത വിദ്യാഭ്യാസ മേഖലയിലും സംസ്ഥാനത്തിന് പുരോഗതി നേടാൻ കഴിഞ്ഞതായി ചൂണ്ടിക്കാട്ടി.

(ഹോൾഡ് വോയിസ് -)

60 കോടിയോളം രൂപ ചെലവഴിച്ചാണ് മുണ്ടേരി സ്കൂളിനെ നവീകരിച്ചത്. നൂതന മാതൃകയിലുള്ള ലാബുകളും അഡ്വാൻസ് സയൻസ് റോബോട്ടിക്സ് ലാബും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## ശിവൻകുട്ടി പാഠപുസ്തകം

സംസ്ഥാനത്ത് അടുത്ത അധ്യയന വർഷത്തെ പാഠപുസ്തക വിതരണം മറ്റന്നാൾ ആരംഭിക്കുമെന്ന് മന്ത്രി വി.ശിവൻകുട്ടി. ചരിത്രത്തിൽ ആദ്യമായാണ് സ്കൂൾ തുറക്കുന്നതിന് മൂന്നുമാസം മുമ്പ് പാഠപുസ്തക വിതരണം ആരംഭിക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കുമെന്നും

RNUTVPM

മന്ത്രി പറഞ്ഞു. ഒന്നു മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികൾക്കുള്ള പാഠപുസ്തകങ്ങളാണ് വിതരണം ചെയ്യുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸

## റവാഡ ചന്ദ്ര ശേഖർ

ജനസൗഹൃദ പോലീസിംഗിൻറെ അന്തസത്ത ഉൾക്കൊണ്ട് പ്രവർത്തിക്കാൻ പോലീസുകാരോട് ആഹ്വാനം ചെയ്ത് സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്ര ശേഖർ. കേരള പൊലിസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 73 പൊലീസ് സബ് ഇൻസ്പെക്ടർമാരുടെ പാസിംഗ് ഔട്ട് പരേഡിൻറെ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സൈബർ കുറ്റകൃത്യങ്ങൾ, വിർച്വൽ അറസ്റ്റ്, സംഘടിത ലഹരിമരുന്ന് വ്യാപാരം എന്നിങ്ങനെ മുൻപത്തേക്കാളും വെല്ലുവിളി നിറഞ്ഞ കാലഘട്ടമാണ് പോലീസ് ഇന്ന് നേരിടുന്നതെന്നും സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## യൂത്ത് ഐക്കൺ അവാർഡുകൾ

വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുവജനങ്ങൾക്കായുള്ള സംസ്ഥാന യുവജന കമ്മീഷൻറെ 2025-26 ലെ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു. യുവ നടി കല്യാണി പ്രിയദർശൻ , എഴുത്തുകാരൻ അമൽ പിരപ്പൻകോട്, ഏഷ്യൻ ഗെയിംസ് മെഡൽ ജേതാവ് പി. മുഹമ്മദ് അഫ്സൽ , യുവകർഷകൻ ആർ. വിഷ്ണുരാജ് , ജെൻ റോബോട്ടിക്സ് കമ്പനി സി.ഇ.ഒ. വിമൽ ഗോവിന്ദ്, മാധ്യമ പ്രവർത്തക നിലീന അത്തോളി എന്നിവർ പുരസ്കാരത്തിന് അർഹരായി.

☸☸☸☸☸☸☸☸☸☸☸☸☸

## രക്ഷാകവചം പദ്ധതി

തൊഴിൽ രംഗത്ത് വിപ്ലവകരമായ ക്ഷേമപദ്ധതിക്കാണ് രക്ഷാകവചത്തിലൂടെ തുടക്കം കുറിക്കുന്നതെന്ന് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മന്ത്രി വി ശിവൻകുട്ടി. വേതന സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ സ്വകാര്യ

മേഖലയിലെ 25 ലക്ഷത്തോളം തൊഴിലാളികൾക്ക് അഷ്വറൻസ് മാതൃകയിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയിൽ അംഗമാകുന്ന സ്വകാര്യ മേഖലയിലെ തൊഴിലാളിക്ക് അപകടമരണം സംഭവിച്ചാൽ, ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപ ലഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

എ.കെ. ശശീന്ദ്രൻ

കാട്ടുപന്നി ശല്യം ഒഴിവാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വനം ഡിവിഷനുകൾക്കും കീഴിലുമുള്ള പഞ്ചായത്തുകളിൽ കൂടുതൽ ലൈസൻസ്ഡ് ഷൂട്ടർമാരെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ വനം മന്ത്രി എ.കെ. ശശീന്ദ്രൻ, ചീഫ് വൈൽഡ് ലൈഫ് വാർഡന് നിർദ്ദേശം നൽകി. കാട്ടുപന്നികളെ കൊല്ലുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവാക്കുന്ന തുക ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തിരിച്ചു നൽകുമെന്ന വിവരം എല്ലാ തദ്ദേശ സ്ഥാപനങ്ങളെയും അറിയിക്കുന്നതിനും മന്ത്രി നിർദ്ദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

മുണ്ടൂർ-തൂത സംസ്ഥാനപാത(ഇൻട്രോ)

നവീകരിച്ച മുണ്ടൂർ -തൂത നാലുവരി സംസ്ഥാന പാത നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും. കടമ്പഴിപ്പുറത്ത് നടക്കുന്ന ചടങ്ങിൽ മന്ത്രി പി.എ മുഹമ്മദ് റിയാസ് അധ്യക്ഷത വഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്........**
**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

ശബരിമല നട തുറക്കും

കുംഭമാസ പൂജകൾക്കായി ശബരിമല നട മറ്റന്നാൾ തുറക്കും. വൈകിട്ട് 5 മണിക്ക് തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി പ്രസാദ് ഇ.ഡി നടതുറന്ന് ദീപം

RNU TVPM

തെളിയിക്കും. . കുംഭമാസ പൂജകൾ പൂർത്തിയാക്കി ഈമാസം 17ന് രാത്രി 10 മണിക്ക് ശബരിമല നട അടയ്ക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല -വാദം പൂ ർത്തിയായി

ശബരിമല സ്വർണ്ണക്കൊള്ള കേസിൽ തന്ത്രി കണ്ഠരര് രാജീവരുടെ ജാമ്യഹർജിയിൽ കൊല്ലം വിജിലൻസ് കോടതിയിൽ പ്രോസിക്യൂഷൻ വാദം പൂർത്തിയായി. വിധി ഈ മാസം 18 ന് പ്രസ്താവിക്കും . ജാമ്യപേക്ഷയെ പ്രത്യേക അന്വേഷണസംഘം എതിർത്തു. തന്ത്രിയുടെ കുടുംബാംഗങ്ങളുടെ അടക്കം സാമ്പത്തിക സ്രോതസിൻറെ വിവരങ്ങൾ SIT കോടതിയിൽ ഹാജരാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## എസ്എഫ്ഐ മാർച്ച്

സർവകലാശാലാ കലോത്സവം നടത്താൻ അനുമതി വേണമെന്നാവശ്യപ്പെട്ട് കേരള സർവകലാശാലാ ആസ്ഥാനത്തേക്ക് എസ്എഫ്ഐ പ്രവർത്തകർ നടത്തിയ പ്രതിഷേധ മാർച്ചിൽ സംഘർഷം. സർവകലാശാല യൂണിയൻ ചെയർമാൻ അശ്വിൻ ഉൾപ്പെടെയുള്ളവരെ പോലീസ് അറസ്റ്റു ചെയ്തു നീക്കി. ബാരിക്കേഡുകൾ മറിച്ചിട്ട് സർവകലാശാലാ ആസ്ഥാനത്തേക്ക് കടന്ന എസ് എഫ് ഐ പ്രവർത്തകരും പോലീസും തമ്മിൽ വാക്കേറ്റവും ഉന്തും തള്ളുമുണ്ടായി. നേതാക്കളെ അറസ്റ്റ് ചെയ്ത് നീക്കിയ പോലീസ് വാഹനം എസ് എഫ് ഐ പ്രവർത്തകർ തടയാൻ ശ്രമിച്ചു. ഒടുവിൽ ബലം പ്രയോഗിച്ച് പോലീസ് എസ്എഫ്ഐ പ്രവർത്തകരെ സർവകലാശാല ആസ്ഥാന വളപ്പിൽനിന്ന് നീക്കുകയായിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## കേരളത്തിൽ ചൂട് കൂടുന്നു

കേരളത്തിൽ ചൂട് കൂടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ജാഗ്രത നിർദ്ദേശം നൽകി സംസ്ഥാന ദുരന്ത നിവാരണ

RNUTVPM

അതോറിറ്റി . പകൽ 11 മുതൽ 3 മണി വരെയുള്ള സമയത്ത് ശരീരത്തിൽ നേരിട്ട് കൂടുതൽ സമയം സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്ന് നിർദ്ദേശത്തിൽ പറയുന്നു. ദാഹമില്ലെങ്കിലും പരമാവധി ശുദ്ധജലം കുടിക്കുന്നത് തുടരണം. സംസ്ഥാനത്ത് കഴിഞ്ഞ 24 മണിക്കൂറിനിടെ ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തിയ സാഹചര്യത്തിൽ ജനങ്ങൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. അൾട്രാവയലറ്റ് രശ്മികൾ തുടർച്ചയായി ശരീരത്തിൽ ഏൽക്കുന്നത് സൂര്യാതപത്തിനും ത്വക്ക് രോഗങ്ങൾക്കും നേത്രരോഗങ്ങൾക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമായേക്കാം.

☸☸☸☸☸☸☸☸☸☸☸☸☸

## ട്വൻറി- 20

ICC ട്വൻറി- 20 പുരുഷ ക്രിക്കറ്റ് ലോകകപ്പിലെ രണ്ടാം മത്സരത്തിൽ യു എ ഇ യെ പരാജയപ്പെടുത്തി ന്യൂസിലൻഡ്. യുഎഇ മുന്നോട്ട് വച്ച 174 റൺസ് വിജയലക്ഷ്യം 15.2 ഓവറിൽ ഒരു വിക്കറ്റും നഷ്ടപ്പെടാതെ ന്യൂസിലൻഡ് മറികടന്നു. ആദ്യ മത്സരത്തിൽ നമീബിയക്കെതിരെ നെതർലാൻഡ്സ് 7 വിക്കറ്റിന് വിജയിച്ചു. 157 റൺസ് വിജയലക്ഷ്യം, 18 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിലാണ് നെതർലാൻഡ്സ് മറികടന്നത്. രാത്രി 7 മണിക്ക് കൊളംബോയിൽ പാകിസ്ഥാനും യു എസും തമ്മിലാണ് മൂന്നാം മത്സരം.

☸☸☸☸☸☸☸☸☸☸☸☸☸

## ഓഹരി /സ്വർണ വില

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 208 പോയിൻറ് ഉയർന്ന് 84,274 ലും ദേശിയ ഓഹരി സൂചിക നിഫ്റ്റി 68 പോയിൻറ് വർധിച്ച് 25,935 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ മാറ്റമില്ല. ഗ്രാമിന് 14,475 രൂപയും പവന് ഒരു ലക്ഷത്തി 15,800 രൂപയുമാണ് ഇന്നത്തെ വില.



RIUTVPM